**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനനതപുരം**
**dtekerala@gmail.com**
**04712561307**
**നടപടിക്രമം**

---

വിദ്യാഭ്യാസം-സാങ്കേതികം-സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ സ്ഥാപനത്തിൽ നിന്നും ഐ പി റ്റി ,ഷൊർണൂർ,പാലക്കാട് സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ശ്രീകുമാർ കെ ബി (പെൻ. 200078) ട്രേഡ് ഇൻസ് ട്രക്ടർ(കമ്പ്യൂട്ടർ വിഭാഗം )-അച്ചടക്ക നടപടികളുടെ ഭാഗമായി സേവനത്തിൽ നിന്നും വേല വിലക്ക് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ബി 2) വിഭാഗം**

**DTETVM/1675/2025-EB2 (EB)** **11-04-2025**

---

വായനഃ-

1.സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,നെടുപുഴ ,തൃശൂർ പ്രിൻസിപ്പാളിന്റെ A3/817/19/GWPCTSR നമ്പർ കത്ത്.

2.ഇൻടെർണൽ കംപ്ലൈൻസ് കമ്മിറ്റി റിപ്പോർട്ട്.

3.09/04/2025 തീയതിയിലെ ഈ കാര്യാലയത്തിലെ വിജിലൻസ് കമ്മിറ്റി തീരുമാനം.

ഈ വകുപ്പിന് കീഴിലെ കമ്പ്യൂട്ടർ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ സ്ഥാപനത്തിൽ നിന്നും ഐ പി റ്റി ,ഷൊർണൂർ,പാലക്കാട് എന്ന സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ശ്രീകുമാർ കെ ബി (പെൻ. 200078) നെടുപുഴ സർക്കാർ പോളിടെക്നിക് സ്ഥാപനത്തിൽ സേവനത്തിലിരിക്കെ ക്ലാസ്സ് സമയം വിദ്യാർധികളോട് ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിക്കുകയും ,കൂടാതെ ക്ലാസ്സ് സമയം സോഷ്യൽ മീഡിയ പോസ്റ്റുകൾ കാണിച്ച് അതിന് പ്രതികരണം നടത്തണമെന്ന് ആവശ്യപ്പെടുന്നു എന്നും കൂടാതെ ടിയാന്റെ സ്വഭാവത്തെക്കുറിച്ച് ഒരുപാട് വിദ്യാർഥികളും ,ജീവനക്കാരും പരാതി പറയുന്നതായും സ്ഥാപനത്തിലെ ഇൻടെർണൽ കംപ്ലൈൻസ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3)തീരുമാനപ്രകാരം വകുപ്പ് തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിൻ്റെ ഭാഗമായി സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ സ്ഥാപനത്തിൽ നിന്നും ഐ പി റ്റി ,ഷൊർണൂർ,പാലക്കാട് എന്ന സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ശ്രീകുമാർ കെ ബി (പെൻ. 200078)യെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1,കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**SHALIJ P R**
**DIRECTOR**

പകർപ്പ് :-

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).
2.ബന്ധപ്പെട്ട ജീവനക്കാർ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).
3.ഡി റ്റി ഇ -ഐ റ്റി വിഭാഗം (പ്രസിദ്ധീകരണത്തിന്).
4.ഇ ഓഫീസ് കരുതൽ ഫയൽ.

Signed by
Shalij P R
Date: 11-04-2025 16:02:24